പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

04.07.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .480

# മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" അൻവർ സാദത്ത്<br>" ഹൈബി ഈഡൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്തെല്ലാം ആനുകൂല്യങ്ങളാണ് വർദ്ധിപ്പിക്കുന്നത്; വ്യക്തമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 20 ക്ഷേമ പദ്ധതികളും മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾക്കായി 10 ക്ഷേമ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണം, മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് നൽകി വരുന്ന 2 ലക്ഷം രൂപ ധനസഹായം 7/12/11 മുതൽ 3 ലക്ഷം രൂപയായും, സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് നൽകിവരുന്ന 1 ലക്ഷം രൂപ ധനസഹായം 1.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, മത്സ്യമേഖലയിലുള്ള അനുബന്ധ തൊഴിലാളികൾക്കുള്ള പെൻഷൻ എന്നിവ 2011-12 വർഷത്തിൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം മത്സ്യത്തൊഴിലാളി പെൻഷൻ, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കുള്ള പെൻഷൻ (വിധവ പെൻഷൻ) മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്ക് നൽകിയിരുന്ന പെൻഷൻ എന്നിവ 300/- രൂപയിൽ നിന്ന് 400 രൂപയായി മുൻകാല പ്രാബല്യത്തോടെ |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള അംശദായ വിഹിതം കൃത്യമായി അടപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4 പ്രകാരം മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, ബോട്ടുടമകൾ, ഇൻബോർഡ് വള്ളം, വഞ്ചി ഉടമകൾ എന്നീ വിഭാഗക്കാർ ബോർഡിലെ അംശാദായം അടക്കേണ്ടതുണ്ട്. ആയതു പ്രകാരം മത്സ്യത്തൊഴിലാളികൾ പ്രതിവർഷം 100 രൂപയും, അനുബന്ധത്തൊഴിലാളികൾ പ്രതി മാസം 20 രൂപാ നിരക്കിലും വഞ്ചി, വള്ളം, യാനങ്ങൾ, ബോട്ടുടമകൾ ആയതിന്റെ വലിപ്പം അനുസരിച്ച് വിഹിതം അടയ്ക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും വിഹിതം 80% വരെ പിരിഞ്ഞ് കിട്ടുന്നുണ്ട്. യന്ത്രവൽകൃത ബോട്ടുടമകളുടെ സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2004-05 മുതൽ 2010-11 വരെയുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള വിഹിതതുക അടക്കുന്നതിന് ധാരണയായിട്ടുണ്ട്. സെസ്സ് പ്രകാരമുള്ള ഡിമാന്റിന്റെ 25% മത്സ്യ കയറ്റുമതിക്കാർ അടക്കുന്നതിന് കോടതി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ